# 'ആറ്റരികത്തു നട്ട വൃക്ഷം'

## ഉല്പത്തി 49:22

''യോസേഫ് ഫലപ്രദമായോരു വൃക്ഷം, നീരുറവിന്നരികെ ഫലപ്രദമായോരു വൃക്ഷം തന്നേ; അതിന്റെ കൊമ്പുകൾ മതിലിന്മേൽ പടരുന്നു.''

ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും ദൈവസാന്നിധ്യത്തിൽ ജീവിക്കുവാൻ യോസേഫിനു കഴിഞ്ഞു എന്നതാണ് അവന്റെ ജീവിതത്തിലെ ജയം. ഫലപ്രദമായ അഥവാ അർത്ഥവത്തായ ഒരു ജീവിതം കാഴ്ചവെക്കുവാനും സാക്ഷീകരിക്കുവാനും അവന് സാധിച്ചു. അതുകൊണ്ട് ദൈവിക പദ്ധതിയുടെ പൂർത്തീകരണം നിറവേറ്റപ്പെടുവാൻ ഇടയായി. ജീവിതത്തിന്റെ വിവിധങ്ങളായ ദുർഘടങ്ങളുടെമേലും ധൈര്യം ക്ഷയിക്കാതെ ദൈവത്തിൽ തന്നെ ആശ്രയം വെക്കാനുള്ള ഒരു സമർപ്പണഭാവം യോസേഫിൽ നിന്നുണ്ടായി എന്നതാണ് സത്യം. അത് അവനെ നാം വായിച്ചു കണ്ടതു പോലെ വലിയ സാക്ഷ്യത്തിനായി ഒരുക്കി.

ഒന്നാം സങ്കീർത്തനം പറയുന്നു, ആറ്റരികത്തു നട്ടിരിക്കുന്ന വൃക്ഷം ഫലപ്രദമായ അനുഭവത്തിൽ ആകുന്നു. ഫലം കായിക്കുക, അതിൽ നിലനിൽക്കുക എന്ന ദൈവികോദ്ദേശ്യം എങ്ങനെ പൂർത്തീകരിക്കാൻ കഴിയും എന്നതിന്റെ രഹസ്യം നമുക്ക് ഈ വാക്യം പറഞ്ഞു തരുന്നു. 'ആറ്റരികത്തു നട്ട വൃക്ഷം' ദൈവിക സാന്നിധ്യത്തിന്റെ മാറ്റമില്ലാത്ത സാന്നിധ്യം ഇവിടെ കാണിക്കുന്നു. അതുതന്നെയാണ് യോസേഫിനും സാധിച്ചത്.

അത്തിയെ നോക്കി കർത്താവ് ശപിച്ചു എന്ന് നാം വായിക്കുന്നു. കാരണം അതിൽ ഫലം ഇല്ലായിരുന്നു. എന്നാൽ ഇലകൾ ഉണ്ടായിരുന്നു. ഇലകൾ വൃക്ഷത്തിന്റെ സ്വന്തം ആവശ്യത്തിനും, ഫലം മറ്റുള്ളവർക്കും ആണല്ലോ. അതേ എത്ര വലിയ പാഠം ആണ് ഇതിലൂടെ കർത്താവ് നമ്മെ പഠിപ്പിക്കുന്നത്. സ്വന്തത്തിനായി മാത്രം ഫലമില്ലാതെ ജീവിച്ച അത്തി. എന്നാൽ യോസേഫിന്റെ ജീവിതം ഇതിനു വിപരീതവും ആയിരുന്നു. തന്റെ സഹോദര വർഗ്ഗത്തിനായി ഹോമിക്കപ്പെട്ട ഒരു ജീവിതമായിരുന്നല്ലോ അത്. ഒരു മാങ്ങയുടെ വിത്തിൽ നിന്നും അനേകം മാവുകൾ ഉണ്ടാകുന്നതുപോലെ ഫലപ്രദമായ ഒരു ജീവിതം കാഴ്ചവെക്കുവാൻ അവനു കഴിഞ്ഞു.

അതേ യോസേഫ് ഫലപ്രദമായ ഒരു വൃക്ഷം. നീരുറവിന്നരികെ ഫലപ്രദമായോരു വൃക്ഷം തന്നേ, അതിന്റെ കൊമ്പുകൾ മതിലിന്മേൽ പടരുന്നു. ആവർത്തിച്ചു പറഞ്ഞു കൊണ്ടാണ് ജീവിതത്തിന്റെ ഫലപ്രദമായ അനുഭവം ദൈവവചനം ഇവിടെ ചിത്രീകരിക്കുന്നത്. അത്രയ്ക്കും പുഷ്ടിയോടെ തഴച്ചു വളർന്ന കൊമ്പുകൾ മതിലിന്മേൽ പടരുവാൻ

ഇടയായി. എത്ര ഭാഗ്യകരമായ അവസ്ഥ. എന്നാൽ ഈ മതിലിന്മേൽ പടരുന്നതിനു മുമ്പ് പല മതിലുകളും യോസേഫിന് ചാടിക്കടക്കേണ്ടാതായി വന്നു. ചില മതിലുകളെ അവന് തകർക്കേണ്ടതായി വന്നു. ചില മതിലുകളോട് അതിരുകൾ വെക്കേണ്ടതായി വന്നു. എന്നാൽ അവിടെയൊന്നും പരാജയപ്പെടാതെ സകല മതിലുകളെയും ചാടിക്കടക്കുവാൻ അവനു കഴിഞ്ഞു. നമ്മുടെ ജീവിതത്തിൽ അപ്രകാരമുള്ള സാക്ഷ്യം ദൈവിക സന്നിധാന ത്തിൽ നിന്നു ലഭിക്കണമേ എന്ന പ്രാർത്ഥനയോടെ ആയിരിക്കാം. മതിലിന്മേൽ പടരുന്ന ഒരു അനുഭവം കർത്താവേ പകരണമേ എന്ന ആഗ്രഹത്തോടെ, പ്രാർത്ഥനയോടെ ദൈവത്തിൽ ആശ്രയം വെച്ച് യോസേഫിനെപ്പോലെ ജീവിക്കാൻ ഇടയാകട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 92:12-14

നീതിമാൻ പനപോലെ തഴെക്കും; ലെബാനോനിലെ ദേവദാരുപോലെ വളരും. യഹോവയുടെ ആലയത്തിൽ നടുതലയായവർ നമ്മുടെ ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെക്കും. വാർദ്ധക്യത്തിലും അവർ ഫലം കായിച്ചുകൊണ്ടിരിക്കും; അവർ പുഷ്ടിവെച്ചും പച്ചപിടിച്ചും ഇരിക്കും

**സിസ്റ്റർ ബിന്ദു റെജി അയ്മനം 086**